**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 278** **26-10-2021 - ൽ മറുപടിയ്ക്ക്**

**കൃഷിഭവനുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൃഷിഭവനുകളിൽ നിന്നും കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് കൃഷിഭവനുകളിൽ നിന്നും കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | കൃഷിഭവനുകളെ സർക്കാർ ഓഫീസ് എന്നതിലുപരി കർഷകരുടെ സഹായകേന്ദ്രങ്ങൾ എന്ന തലത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (ബി) | കൃഷിവകുപ്പിന്റെ വിവിധ സേവനങ്ങൾ ഫലപ്രദവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ സമയബന്ധിതമായി കർഷകരി ലേക്കെത്തിക്കുക, കർഷകർ ക്കാവശ്യമായ സാങ്കേതികോപദേശങ്ങളും, കാലാവസ്ഥാ വിവരങ്ങളും, വിവിധ ഉല്പാദനോപാധികളും, വിപണന സംവിധാനങ്ങളും, വിള ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളും, ഇൻഷ്വറൻസ് / പ്രകൃതിക്ഷോഭ പരിരക്ഷയും വായ്പ സൗകര്യങ്ങളും ഉല്പാദനോപാദികളുടെ ഗുണനിലവാരം ഉറപ്പാക്കലും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സർക്കാർ ഓഫീസ് എന്നതിലുപരി കൃഷിഭവനുകളെ കർഷകരുടെ സഹായ കേന്ദ്രങ്ങൾ എന്ന നിലയിലേക്ക് ഉയർത്തുന്നതിനായി "സ്മാർട്ട് കൃഷി ഭവൻ" എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സംസ്ഥാനത്ത് കൃഷിഭവനുകളിൽ നിന്നും കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ

**1.** കൃഷിഭവനുകൾ മുഖേന സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും വിവിധ കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുകയും പദ്ധതികൾ വഴി ലഭിക്കേണ്ട ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാകുകയും ചെയ്യുന്നു.

2. കൃഷിഭവനുകൾ മുഖേന കർഷകർക്ക് സൗജന്യമായി മണ്ണ് പരിശോധന നടത്തി കൊടുക്കുന്നു

3. ജലസേചന ആവശ്യത്തിന് അർഹതപ്പെട്ട കർഷകന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്,

4. വിവിധ ആവശ്യങ്ങൾക്കായി കർഷകനാണെന്ന് സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് നൽകുന്നു.

5. സ്വന്തമായി മറ്റുസ്ഥലമില്ലാത്തവർക്കു നിലംനികത്തി വീട് വെക്കുന്നതിനു പ്രാദേശിക നിരീക്ഷണ സമിതിക്കുവേണ്ടി അപേക്ഷ സ്വീകരിക്കുന്നു.

6. രാസവളം, ജൈവവളം, കീടനാശിനി എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വേണ്ടി സാമ്പിളുകൾ ശേഖരിച്ചു പരിശോധനക്കയയ്ക്കുന്നു.

7. കർഷകരുടെ കൃഷിയിടം കൃഷിഭവൻ ഉദ്യോഗസ്ഥർ സന്ദർശിച്ചു ശാസ്ത്രീയമായ കൃഷിയ്ക്കും രോഗകീട നിവാരണത്തിനുമായുള്ള സാങ്കേതിക ഉപദേശങ്ങൾ നൽകുന്നു.

8..കൃഷിഭവൻ സന്ദർശിക്കുന്ന കർഷകർക്ക് വിവിധതരത്തിലുള്ള സാങ്കേതികോപദേശങ്ങൾ നൽകുന്നു.

9. വിവിധ പദ്ധതികളിൽ അപേക്ഷ നൽകുന്നതിനും ആനുകൂല്യം സ്വീകരിക്കുന്നതിനും AIMS പോർട്ടൽ കർഷക രജിസ്ട്രേഷൻ.

10. കസ്റ്റംഹയറിംഗ് സെന്ററുകൾ മുഖേന ലഭ്യമാകുന്ന കാർഷിക യന്ത്രങ്ങളുടെ സേവനം.

11. തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ സ്ഥാപിച്ചിട്ടുള്ള അഗ്രോസർവീസ് സെന്ററുകൾ മുഖേന ലഭ്യമാകുന്ന കാർഷിക യന്ത്രങ്ങളുടെ സേവനം.

12. കൂട്ടുരാസവളം/ ജീവാണുവളം/ രാസവളം എന്നിവയുടെ റീറ്റെയ്ൽ വിതരണത്തിനുള്ള ലൈസൻസിന് അപേക്ഷ നൽകുന്നത്.

13. കീടനാശിനി/ ജൈവകീടനാശിനി/ ബയോകോൺട്രോൾ ഏജന്റ്/ ജൈവവളം എന്നിവയുടെ റീറ്റെയ്ൽ വിതരണത്തിനുള്ള ലൈസൻസിന് അപേക്ഷ സ്വീകരിച്ച് ശുപാർശ നൽകുന്നു.

14. കാർഷികോൽപന്നങ്ങളുടെ സംഭരണം വിള, വിസ്തൃതി, കാർഷികോൽപന്നങ്ങളുടെ ലഭ്യത എന്നിവ സംബന്ധിച്ച് സർട്ടിഫിക്കറ്റ് / ശുപാർശ നൽകൽ.

15.പദ്ധതിയേതര സേവനങ്ങളായ ചെറുകിട നാമമാത്ര കർഷകർക്ക് കർഷകപെൻഷൻ, പി. എം. കിസാൻപദ്ധതി എന്നിവ കൃഷിഭവൻ മുഖേന നടപ്പിലാക്കുന്നു.

16. വിള ഇൻഷുറൻസ് പദ്ധതി, പ്രകൃതിക്ഷോഭ ദുരിതാശ്വാസം എന്നിവയിൽ AIMS പോർട്ടൽ മുഖേന അപേക്ഷ സ്വീകരിച്ച കൃഷിഭവനിൽ നിന്നും സ്ഥല പരിശോധന നടത്തിയ ശേഷം സഹായധനം നേരിട്ട് കർഷകരുടെ അക്കൗണ്ടുകളിൽ എത്തുന്നു.

17. വിള, ഇൻഷുറൻസ് പദ്ധതിയിൽ കർഷകരെ ചേർക്കുകയും ഇൻഷ്വർ ചെയ്ത് വിളയ്ക്ക് നാശം സംഭവിക്കുമ്പോൾ പദ്ധതിയനുസരിച്ചുള്ള നഷ്ടപരിഹാരം കണക്കാക്കി ആയതു ലഭിക്കുന്നതിനുള്ള ശുപാർശ നൽകുക.

18. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുമ്പോൾ കർഷകരിൽ നിന്നും അപേക്ഷ സ്വീകരിച്ച് സ്ഥലപരിശോധന നടത്തി അർഹമായ നഷ്ടപരിഹാരം നൽകുന്നതിനുള്ള ശുപാർശ നൽകുക.

19. കർഷകരുടെ ആവശ്യപ്രകാരം വിത്തുകളും തൈകളും മറ്റ് നടീൽ വസ്തുക്കളും ലഭ്യമാക്കുക.